ENTRI

Trusted by 1 crore students

# CURRENT AFFAIRS 20 MAY 2024



**2024 തായ്‌ലാൻഡ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിലെ പുരുഷ ഡബിൾസിൽ കിരീടം കരസ്ഥമാക്കിയത്**
സാത്വിക്‌സായിരാജ് റങ്കിറെഡ്ഡി,ചിരാഗ് ഷെട്ടി

- ഫൈനലിൽ ചൈനയുടെ ചെൻബോ യാങ്-ലിയു യി സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യം കിരീടം സ്വന്തമാക്കിയത്.

---

**2023-24 ഇംഗ്ലീഷ് പ്രീമിയർ ലീഗ് കിരീട ജേതാക്കൾ**
മാഞ്ചസ്റ്റർ സിറ്റി

---

**ഏറ്റവും കൂടുതൽ വനിതകൾ 10 മണിക്കൂറിലധികം പാട്ടുകൾ പാടിയതിന് ടാലന്റ് റെക്കോഡ് ബുക്കിന്റെ 'ലാർജസ്റ്റ് വുമൺ മാരത്തൺ സിങ്ങിങ്' റെക്കോഡ് കരസ്ഥമാക്കിയത്**
കുടുംബശ്രീ

- കുടുംബശ്രീയുടെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച 'തിരികെ സ്കൂളിൽ' ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ച സ്വരം 2K24 പാട്ടുത്സവത്തിലാണ് റെക്കോഡ് കരസ്ഥമാക്കിയത്. പരിപാടിയിൽ 1433 വനിതകൾ 11 മണിക്കൂർ 25 മിനിറ്റാണ് നിർത്താതെ പാട്ടുപാടിയത്.
- ഏറ്റവും കൂടുതൽ വനിതകൾ തുടർച്ചയായി പരമ്പരാഗത പാട്ടുകൾ പാടിയതിന് യൂണിവേഴ്സൽ റെക്കോഡ് ഫോറത്തിന്റെ 'മോസ്റ്റ് വുമൺ കണ്ടിന്യൂസ്‌ലി സിങ്ങിങ് ട്രഡീഷണൽ സോങ്സ്' റെക്കോഡും കുടുംബശ്രീ കരസ്ഥമാക്കി.

---

**2024 മെയിൽ സുപ്രീം കോടതി ബാർ അസോസിയേഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്**
കപിൽ സിബൽ


കപിൽ സിബൽ

---

**ടൈംസ് ഹയർ എജ്യുക്കേഷന്റെ 2024 ലെ യങ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സർവ്വകലാശാല**
മഹാത്മാഗാന്ധി സർവ്വകലാശാല

- രാജ്യാന്തരതലത്തിൽ 673 സർവ്വകലാശാലകളുടെ പട്ടികയിൽ 81-ാം സ്ഥാനത്താണ് എംജി സർവ്വകലാശാല.
- രാജ്യാന്തരതലത്തിൽ സിംഗപ്പൂരിലെ നാൻയാങ് ടെക്നോളജിക്കൽ സർവ്വകലാശാല പട്ടികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.